MONDAY

തിങ്കളാഴ്ച

22/12/2025

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor :** SINDHU. KS **Editor :** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/12/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള അമ്പലവയലിലെ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (ആർഎആർഎസ്) 2026 ജനുവരി 1 മുതൽ 15 വരെ നടക്കുന്ന വാർഷിക **അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലി 2026** സംഘടിപ്പിക്കുന്നു. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും പ്രദർശനമായ ഈ പരിപാടിയിൽ കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നൂതന പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവയുൾപ്പെടെ കാർഷിക സംബന്ധിയായ ഉൽപ്പന്നങ്ങളുടെയും സാങ്കേതികവിദ്യകളുടെയും വിപുലമായ ശ്രേണി അവതരിപ്പിക്കുന്നു.

2. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി മാസം കൊല്ലത്ത് നടക്കുന്ന സംസ്ഥാന ക്ഷീര സംഗമം 'പടവ് 2026' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്കും പുരസ്കാരങ്ങൾ നൽകുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട മികച്ച

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പത്ര റിപ്പോർട്ട്, പത്ര ഫീച്ചർ, കാർഷിക മാസികകളിലെ ഫീച്ചർ/ ലേഖനം, ക്ഷീര മേഖലയിലെ മികച്ച പുസ്തകം, മികച്ച ശ്രവ്യമാധ്യമ ഫീച്ചർ, ദൃശ്യ മാധ്യമ റിപ്പോർട്ട്, ദൃശ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ ഡോക്കുമെന്ററി/ മാഗസിൻ പ്രോഗ്രം, 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിലെ മികച്ച ഫോട്ടോഗ്രാഫ് എന്നീ വിഭാഗങ്ങളിൽ പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം. ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാക്കി ദിനപത്രങ്ങളിലോ ആനുകാലികത്തിലോ പ്രസിദ്ധീകരിച്ച മികച്ച ഫീച്ചറിനും 'ക്ഷീരമേഖല മാറുന്ന കാഴ്ചപ്പാടുകൾ' എന്ന വിഷയിത്തിലൂന്നി ഉദ്യോഗസ്ഥർ എടുത്ത ഫോട്ടോഗ്രാഫിനും പുരസ്കാരങ്ങൾ നൽകുന്നുണ്ട്. എൻട്രികൾ 2024 ജനുവരി 01 മുതൽ 2025 ഒക്ടോബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാ ഫോറത്തിന്റെ മാതൃകയും www.dairydevelopment.kerala.gov.in ൽ ലഭ്യമാണ്. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും ലഭിക്കും. **അപേക്ഷകൾ ഡിസംബർ 30 വൈകിട്ട് 4 മണിക്കകം** ഡെപ്യൂട്ടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡയറക്ടർ (എക്സ്റ്റൻഷൻ), ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ., തിരുവനന്തപുരം- 695004 വിലാസത്തിൽ ലഭിക്കണം. ഫോൺ നം: 9995240861, 9446453247, 9495541251.

3. കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ റാബി 2 സീസൺ (2024-25) കർഷകർക്ക് ഡിസംബർ 31 വരെ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: www.pmfby.gov.in സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

4. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. ഇന്ന് (2025 ഡിസംബർ 22-ന്) രാവിലെ 10.30 മുതൽ 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446428554 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 03 മുതൽ 16 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/-രൂപ.പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ജനുവരി 1-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം 695004. ഇ മെയിൽ:principaldtctvm@gmail.com

6. **കാർഷിക നിർദേശം**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പച്ചക്കറി വിളകളിൽ മീലിമൂട്ടകൾ, ശൽക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം, ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ ബാസിയാന, ചിതൽ, വേരുതീനി പുഴുക്കൾ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്നിവ ലഭ്യമാണ്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിലും മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി വില്പന കേന്ദ്രത്തിലും (0487–2370540) കണ്ണാറവാഴ ഗവേഷണ കേന്ദ്രത്തിലും (0487–2699087) ഇവ ലഭ്യമാണ്. 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് കലക്കി ചെടികളിൽ തളിച്ച കൊടുക്കണം.